# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2624 — 17/10/2016 ൽ മറുപടിയ്ക്ക്

**ജനസമ്പർക്ക പരിപാടി**

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ | മറുപടി<br>(ബഹു.മുഖ്യമന്ത്രി) |
|---|---|
| എ) മുൻ സർക്കാരിന്റെ കാലത്ത് 2015 മേയ് മാസത്തിൽ കാസർഗോഡ് സംഘടിപ്പിച്ച ജനസമ്പർക്ക പരിപാടിയിൽ കാസർഗോഡ് ജില്ലയിലെ കൊളത്തല്ല വില്ലേജിൽ അമ്മാവൻ മണികണ്ഠന്റെ സംരക്ഷണയിൽ കഴിയുന്ന സാജ്ഞ, സന്ധ്യ, സഞ്ജന എന്നീ കുട്ടികളെ ദത്തെടുക്കുന്നതായി പ്രഖ്യാപിച്ചിരുന്നോ; പ്രസ്തുത കുട്ടികൾക്ക് നൽകിയ വാഗ്ദാനങ്ങളുടെ വിശദാംശങ്ങൾ അറിയിക്കാമോ;<br><br>ബി) ഇതിൽ ഏതെങ്കിലും വാഗ്ദാനം കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | എ) & ബി)<br><br>2015 ലെ ജനസമ്പർക്ക പരിപാടിയിൽ മണികണ്ഠൻ സമർപ്പിച്ച അപേക്ഷയിന്മേൽ കുട്ടികളെ ഏറ്റെടുത്ത് കുടുംബത്തിന് വീട് വയ്ക്കുന്നതിനായി ഭൂമിയും, ധനസഹായവും നൽകുന്നതിന് നിർദ്ദേശിച്ചിരുന്നു. കുട്ടികളെ സ്നേഹപൂർവ്വം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. കുടുംബത്തിന് സ്ഥലത്തിന്റെ പട്ടയം നൽകിയിട്ടുണ്ട്. കൂടാതെ സന്ധ്യ എന്ന കുട്ടിയെ 'സ്നേഹപൂർവ്വം' പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| സി) പാവപ്പെട്ടവരെ വിളിച്ചു വരുത്തി വാഗ്ദാനങ്ങൾ നൽകി തുടർനടപടികൾ സ്വീകരിക്കാതെ ഒഴിവാക്കിയതായി ആക്ഷേപമുള്ള ഈ വിഷയത്തിൽ പുതിയ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | സി) ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ